(സി) നാളിതുവരെ പദ്ധതി വിഹിതമായി ആരോഗ്യ വകുപ്പ് 8 കോടി 50 ലക്ഷം രൂപ അനുവദിക്കുകയുണ്ടായി.

(ഡി) അവയവം മാറ്റിവയ്ക്കൽ ശസ്ത്രക്രിയയ്ക്ക് വേണ്ടി സജ്ജീകരണം ഒരുക്കിയിട്ടുള്ള ആശുപത്രികളുടെ വിവരം അനുബന്ധം ആയി ചേർത്തിരിക്കുന്നു.*

(ഇ) അവയവദാനം പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി, അവയവദാനത്തിന്റെ ആവശ്യകതയെയും പ്രാധാന്യത്തേയും കുറിച്ച് ബോധവൽക്കരണ ക്ലാസ്സുകളും ശിൽപ്പശാലകളും നടത്തിവരുന്നു. അവയവങ്ങളുടെ പ്രവർത്തനം തകരാറിലായ രോഗികൾക്ക്, അവയവം മാറ്റിവയ്ക്കൽ ശസ്ത്രക്രിയയ്ക്കും ഡയാലിസിസ് ചെയ്യുന്നതിലേക്കുമായി കാരുണ്യ വഴി രണ്ട് ലക്ഷം രൂപ നൽകിവരുന്നു.

കലശേഖരം പി.എച്ച്.സി. താലൂക്കാശുപത്രിയായി ഉയർത്തുന്നതിന് നടപടി

47(T2515) ശ്രീ. കെ. മുരളീധരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം ജില്ലയിലെ കലശേഖരം പി.എച്ച്.സി., താലൂക്ക് ആശുപത്രിയായി ഉയർത്തുന്നതിനുള്ള ശിപാർശയിൻമേലുള്ള നടപടി ഇപ്പോൾ ഏത് ഘട്ടത്തിലാണ് ;

(ബി) പ്രസ്തുത വിഷയത്തിൽ അനുകൂലമായ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ&ബി) തിരുവനന്തപുരം ജില്ലയിൽ കലശേഖരം പ്രാഥമികാരോഗ്യ കേന്ദ്രം എന്ന പേരിൽ ഒരു ആരോഗ്യ കേന്ദ്രം പ്രവർത്തിക്കുന്നില്ല. കലശേഖരത്ത് നിലവിൽ പ്രവർത്തിച്ചുവരുന്ന ആരോഗ്യ കേന്ദ്രം വട്ടിയൂർക്കാവ് 24X7 പ്രാഥമികാരോഗ്യ കേന്ദ്രമാണ്. വട്ടിയൂർക്കാവ് 24X7 പി.എച്ച്.സി.-യെ സി.എച്ച്.സി. ആയോ താലൂക്ക് ആശുപത്രിയായോ ഉയർത്തുന്നതു സംബന്ധിച്ച് ആരോഗ്യ വകുപ്പ് ഡയറക്ടറുടെ ശിപാർശ ലഭിച്ചിട്ടില്ല.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

T മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly